**No. CEE/5454/2018/KEAM-2019/TA1**

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്
# KEAM-2019

## എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി കോഴ്സുകളിലെ ഒഴിവുകൾ നികത്തുന്നതിനുള്ള ഓൺലൈൻ മോപ് അപ് കൗൺസലിംഗ് വിദ്യാർത്ഥികളുടെ ശ്രദ്ധയ്ക്ക്

സർക്കാർ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോളേജുകളിലെയും, എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലെയും ഇതുവരെ സ്പോട്ട് അഡ്മിഷൻ നടത്താത്ത സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളായ ശ്രീ. ചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് പാപ്പനംകോട്, യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് തൊടുപുഴ, കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി തേഞ്ഞിപ്പാലം എന്നീ കോളേജുകളിലെയും ഒഴിവുള്ള സീറ്റുകളിലേയ്ക്കുള്ള മോപ്–അപ്പ് അലോട്ട്മെന്റ് **05.08.2019** വൈകുന്നേരം പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. മുകളിൽ പറഞ്ഞിട്ടുള്ള കോളേജുകളിൽ നിലവിൽ അഡ്മിഷൻ ലഭിച്ചിരിക്കുന്ന വിദ്യാർത്ഥികൾ ഈ ഘട്ടത്തിലെ ഓപ്ഷൻ പ്രകാരം പുതിയ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം നിർബന്ധമായും പുതിയ അലോട്ട്മെന്റ് സ്വീകരിക്കേണ്ടതാണ്. ഇങ്ങനെ അലോട്ട്മെന്റ് ലഭിക്കുന്നവരുടെ മുമ്പ് ലഭിച്ചിരുന്ന അഡ്മിഷൻ റദ്ദാകുന്നതാണ്. നിലവിലുള്ള കോഴ്സും കോളേജും നിലനിർത്താൻ ആഗ്രഹിക്കുന്നവർ മോപ്–അപ്പ് കൗൺസലിംഗിൽ ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ പാടുള്ളതല്ല. ഓപ്ഷനുകൾ നൽകുന്നതിനും നൽകിയവ പുന:ക്രമീകരിക്കുന്നതിനുമുള്ള അവസരം **04.08.2019** വൈകുന്നേരം 5.00 മണി വരെ ലഭ്യമാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2339101, 2339102, 2339103, 2339104, 2332123**

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**

തിരുവനന്തപുരം
03 .08.2019